(എ) വനംകൊള്ള തടയുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ:

(ബി) വനവൽക്കരണത്തിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം ലോകബാങ്കിന്റെ സഹായത്തോടെ എന്തെങ്കിലും പുതിയ പദ്ധതി സർക്കാർ ആവിഷ്കരിക്കുകയുണ്ടായോ;

(സി) വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളുടെ ക്ഷേമത്തിനുവേണ്ടി വനംവകുപ്പ് കൈക്കൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് പ്രതിപാദിക്കുമോ;

(ഡി) നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന കാവുകൾ, കണ്ടൽകാടുകൾ തുടങ്ങിയവ സംരക്ഷിച്ച് അനുയോജ്യമാക്കി തീർക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ബീറ്റ് സെക്ഷൻ സമ്പ്രദായം പുനഃക്രമീകരിച്ച് ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുക, വനനിയമം ഭേദഗതി ചെയ്ത് കൂടുതൽ കർക്കശമാക്കുക, വനം വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, വനസംരക്ഷണ ജീവനക്കാർക്ക് കൂടുതൽ ആയുധങ്ങളും വാഹനങ്ങളും വാർത്താവിനിമയോപകരണങ്ങളും നൽകുക, വനസംരക്ഷണം സംബന്ധിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുക, വനം കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേകം കോടതികൾ സ്ഥാപിക്കുക എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) വനവൽക്കരണ ഘടകമായി കേരള ഫോറസ്ട്രി പ്രോജക്ട് എന്ന പദ്ധതി കഴിഞ്ഞ സാമ്പത്തികവർഷം ആവിഷ്കരിക്കുകയുണ്ടായി.

(സി) പ്ട്ടികവർഗ്ഗ ഉപപദ്ധതി നടപ്പിലാക്കുക, വനം ജോലികളിൽ ആദിവാസികൾക്ക് മുൻഗണന നൽകുക, ട്രൈബൽ ഇൻഷുറൻസ് പദ്ധതി, ചെറുകിട വനവിഭവങ്ങൾ ശേഖരിക്കാനനുവദിക്കുക, ഔഷധ സസ്യക്കൃഷി നടപ്പിലാക്കുക എന്നിവയാണ് ആദിവാസി ക്ഷേമത്തിന് വനം വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ.

(ഡി) ഉണ്ട്.

(ഇ) പൊതുജനപങ്കാളിത്തത്തോടെ ഓരോ സ്ഥലത്തും അനുയോജ്യമായ സംരക്ഷണപദ്ധതികൾ തയ്യാറാക്കി പൊതുജനപങ്കാളിത്തത്തോടുകൂടി കണ്ടൽകാടുകൾ, കാവുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള പരിപാടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

25 (*281) വനംപ്രദേശങ്ങൾ തീയിട്ട് നശിപ്പിക്കുന്നതായി പരാതി

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങൾ വേനൽക്കാലത്ത് വ്യാപകമായി തീയിട്ട് നശിപ്പിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം പ്രതിവർഷമുണ്ടാകുന്ന നാശനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) വൻവൃക്ഷങ്ങളും ഔഷധസസ്യങ്ങളും പുൽമേടുകളും ഇങ്ങനെ നശിക്കുന്നതിനെതിരെ എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ഡി) ആവശ്യത്തിനു വാച്ചർമാരെ നിയമിക്കുന്നതിനും വേണ്ടവിധം ഫയർലൈൻ തെളിയിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും നടപടി എടുക്കുമോ;

(ഇ) ആദിവാസികളെക്കൂടി ഉൾപ്പെടുത്തി സംയുക്ത വനസംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ):

(എ) ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1998- ലുണ്ടായ ആകെ നാശനഷ്ടം 38,670/- രൂപയാണ്.

(സി) കാട്ടുതീ തടയുന്നതിന് ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള നടപടികളുടെ ഭാഗമായി വനത്തിനു ചുറ്റും, റോഡുകളുടെ ഇരുവശങ്ങളിലും മൂന്നുവർഷം പ്രായമായ തോട്ടങ്ങളുടെ ചുറ്റും ഫയർലൈൻ നിർമ്മിക്കുകയും ഫയർമസ്ദൂർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികളുടെ ഭാഗമായി വനംവകുപ്പിലെ ജീവനക്കാർക്ക് അഗ്നിശമന പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക, ചെക്ക് ഡാമുകളും ഫയർവാച്ച് ടവറുകളും നിർമ്മിക്കുക, അഗ്നിശമന ഉപകരണങ്ങൾ വയർലെസ് സെറ്റുകൾ എന്നിവ വാങ്ങുക, വനത്തിനുള്ളിൽ താമസിക്കുന്നവർക്കുവേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നുണ്ട്.

(ഡി) നടപടികൾ എടുത്തിട്ടുണ്ട്.

(ഇ) അഗ്നിസംരക്ഷണ പ്രവർത്തനങ്ങളിൽ ആദിവാസികളെ സജീവമായി പങ്കെടുപ്പിക്കുന്നുണ്ട്. കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി ആദിവാസികളുടെ വനസംരക്ഷണസമിതികൾ രൂപീകരിക്കുകയും പ്രക്ഷിണ വനങ്ങളുടെ അഗ്നിസംരക്ഷണം ഉൾപ്പെടെയുള്ള വനസംരക്ഷണ പരിപാടികൾ സംയുക്തമായി നടപ്പാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

26 (*282) റബ്ബർ കയറ്റുമതി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തുനിന്ന് നാളിതുവരെ എത്ര ടൺ റബ്ബർ കയറ്റുമതിചെയ്യുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly